# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 – 26



## സെന്റ് ജോസഫ്സ് യു.പി സ്കൂൾ

### കുന്നോത്ത്

# PROFILE

NAME OF SCHOOL. : KUNNOTH ST.JOSEPHS UP SCHOOL

ADDRESS. : KUNNOTH, VALLITHODE

KILIANTHARA (PO)

PIN. 670706

PHONE. : 9446657605

SCHOOL CODE. : 14868

EDUCATIONAL SUB DISTRICT : IRITTY

EDUCATIONAL DISTRICT. : THALASSERY

REVENUE DISTRICT. : KANNUR

GRAMA PANCHAYATH. : PAYAM

BLOCK PANCHAYATH. : IRITTY

DISTRICT PANCHAYATH. : KANNUR

ASSEMBLY CONSTITUENCY : PERAVOOR

LOK SABHA. : KANNUR

TALUK. : IRITTY

# ആമുഖം

രാഷ്ട്രപിതാവ് മഹാത്മജിയുടെ വാക്കുകളിൽ വിദ്യാഭ്യാസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കുട്ടിയുടെയും മനുഷ്യന്റെയും ശരീരത്തിലും മനസ്സിലും ആത്മാവിലും ഉള്ള ഏറ്റവും മികച്ചത് പുറത്തെടുക്കലാണ്..That is the over all development of a human being.... അതുകൊണ്ട് തന്നെയാണ് വിദ്യാധനം സർവ്വധനാൽ പ്രധാനം എന്ന് പൂർവികർ പറഞ്ഞുവെച്ചതും.. ... ഈ ലക്ഷ്യത്തിലേക്ക് എത്തുക എന്ന ഉദ്ദേശത്തെ മുൻനിർത്തിയാണ് കേരള പൊതു വിദ്യാഭ്യാസ വകുപ്പ് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.. ഓരോ അക്കാദമിക വർഷവും കുട്ടികൾ ആർജിക്കേണ്ട മികവുകളെ അടിസ്ഥാനമാക്കിയാണ് വിവിധ തലങ്ങളിലുള്ള അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്.. വിദ്യാർത്ഥികളും അദ്ധ്യപകരും രക്ഷിതാക്കളും ഭരണകൂടവും പ്രാദേശിക ജനതയും അഭ്യുദയകാംക്ഷികളും എല്ലാമടങ്ങുന്ന ഒരു ടീമിൻ്റെ ക്രിയാത്മകവും ഗുണാത്മകവും ആയ പങ്കാളിത്തത്തോടെ മാത്രമേ ഏതൊരു മാസ്റ്റർ പ്ലാനുകളും അതിന്റെ പൂർണ്ണത കൈവരിക്കുകയുള്ളൂ.. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുമ്പോഴാണ് ഏതൊരു അക്കാദമിക മാസ്റ്റർപ്ലാനുകളും ആത്യന്തികമായ ലക്ഷ്യം കൈവരിക്കുകയുള്ളൂ ..കുന്നോത്ത് സെൻറ് ജോസഫ് യുപി സ്കൂളിന്റെ 2025-2026 വർഷത്തെ. അക്കാദമിക മാസ്റ്റർ പ്ലാനും മഹത്തരമായ ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് തയ്യാറാക്കിയിരിക്കുന്നത്.



# എന്റെ ഭാവി വിദ്യാലയം

സാങ്കേതികമായും സാമ്പത്തികമായും ശാസ്ത്രീയമായും ഉയരങ്ങളിൽ നിന്നും ഉയരങ്ങളിലേക്ക് വളർന്നു കൊണ്ടിരിക്കുകയാണ് ലോകം.ഓരോ കുഞ്ഞും വളരുകയാണ്. വാനം മുട്ടെ അവന് വളരാനുള്ള മാർഗങ്ങളാണ് മാതാപിതാക്കളും ഗുരുക്കന്മാരും കൊടുത്തു കൊണ്ടിരിക്കുന്നത്. സാങ്കേതികമായും ശാസ്ത്രീയമായും വരുന്ന മാറ്റങ്ങൾ നമ്മുടെ വിദ്യാഭ്യാസ പഠന രീതിയിലും വിദ്യാലയത്തിലും ഉൾപ്പെടുത്തി മികച്ച വിദ്യാഭ്യാസം നൽകുക എന്നുള്ളത് ഓരോ വിദ്യാലയത്തിന്റെയും അധ്യാപകരുടെയും ഉത്തരവാദിത്തമാണ്.

നിലവിലെ സ്കൂൾ ഗ്രൗണ്ട് വിപുലീകരിക്കുകയും കുട്ടികൾക്ക് വിനോദത്തിനായി ഒരു ആക്ടിവിറ്റി ഏരിയ ക്രമീകരിക്കുകയും വേണം. കുട്ടികൾക്ക് പഠനത്തോടുള്ള വിരസത മാറ്റുവാനും പാഠഭാഗങ്ങൾ ആസ്വാദകരമാക്കുവാനും അത്യാധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് ക്ലാസ്സ് റൂം സജ്ജമാക്കുക. ലാംഗ്വേജ് ലാബും ഇൻട്രാക്ടീവ് ക്ലാസ് റൂമും സജ്ജമാക്കുക എന്നിവയാണ് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്.

## ഭൗതിക വികസന സാധ്യതകൾ

| | |
|---|---|
| 1.ഹരിത പരിസരം<br>• ജൈവവൈവിധ്യ പാർക്ക്<br>• ഔഷധ തോട്ടം<br>• ജൈവ കൃഷിത്തോട്ടം<br>2. സൗന്ദര്യവത്കരണം<br>• പൂന്തോട്ടം<br>• കുട്ടികളുടെ പാർക്ക്<br>• പ്രവേശന കവാടം മികച്ചതാക്കൽ | • വിദ്യാലയ ചുമരുകൾ പഠന മൂല്യമുള്ളതാക്കൽ.<br>3. ഭൗതിക സൗകര്യങ്ങൾ<br>• സ്കൂൾ ഗ്രൗണ്ട് വിപുലീകരിക്കൽ<br>• വിശാലമായ ഹാൾ<br>• വിവിധ വിഷയങ്ങളുടെ ലാബുകൾ |



# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.
3. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കുവാനുള്ള കഴിവ് ഉറപ്പുവരുത്തുക.
4. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് റൂമുകളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
5. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും രക്ഷിതാക്കളെ അറിയിക്കുന്നതിനായി വ്യക്തിഗത പിടിഎ /കോർണർ പിടിഎ എന്നിവ സംഘടിപ്പിക്കും.
6. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
7. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റുക.
8. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെൻറ് തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ.
9. അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
10. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് എന്നിവ ആധുനിക വത്ക്കരിക്കുക.
11. കൃഷി, ഔഷധത്തോട്ടം,ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.
12. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക
13. വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കല, കായിക, പ്രവർത്തി പരിചയ, പഠന

പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക.

14. ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
15. ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുക.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## അക്കാദമിക ഭൗതികം സാമൂഹികം

| അക്കാദമികം | ബൗദ്ധികം | സാമൂഹികം |
|---|---|---|
| • ഭാഷാ പരിപോഷണം<br>• വായനാ പരിപോഷണം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ഗണിതശേഷി വികസനം<br>• പഠനയാത്രകൾ<br>• കലാകായികമേളകൾ<br>• ഐടി പരിശീലനം<br>• ലൈബ്രറി ശാക്തീകരണം<br>• ക്ലാസ് പിടിഎ സജീവമാക്കൽ<br>• ഒന്നാം ക്ലാസ് ഒന്നാം തരം<br>• റിസോഴ്സ് ക്ലാസുകൾ<br>• ഭാഷ ലാബ്<br>• ദിനാചരണങ്ങൾ<br>• ലബോറട്ടറി ആധുനികവൽക്കരിക്കൽ<br>• കുട്ടികളുടെ അസംബ്ലി<br>• പുസ്തക പരിചയം<br>• സെമിനാറുകൾ | • കളിസ്ഥലം<br>• വിശാലമായ ലൈബ്രറി<br>• ക്ലാസ് മുറികൾ<br>• വിശാലമായ ഓഫീസ്<br>• സ്റ്റാഫ് റൂം<br>• ചിൽഡ്രൻസ് പാർക്ക്<br>• അസംബ്ലി ഹാൾ<br>• കുടിവെള്ള വിതരണം<br>• മാലിന്യ സംസ്കരണം<br>• കലാകായിക പരിശീലനം<br>• ശാസ്ത്രോത്സവം<br>• ഗണിതോത്സവം<br>• മേളകൾ<br>• ഡിജിറ്റൽ ക്ലാസ് റൂമുകൾ | • പിടിഎ ശാക്തീകരണം<br>• സി പി ടി എ മാതൃകാപരമാക്കൽ<br>• വിദ്യാലയ വികസന സമിതി<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ<br>• പൂർവ്വ വിദ്യാർത്ഥികൾ വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയവരുടെ സേവനം തേടൽ<br>• റിസോഴ്സ് അധ്യാപകരുടെ ക്ലാസുകൾ |



## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായ എന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.
- ഓരോ വിഷയവുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐസിടി അധിഷ്ഠിത പഠനത്തിനാവശ്യമായ ബൗദ്ധിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠി പാഠിയതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരം ഒരുക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതിക അന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പഠനത്തിലെ എല്ലാ നൈപുണ്യ സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
- ലഗിരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക അതിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് അവരെ ബോധവാന്മാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം കൂടുതൽ മെച്ചപ്പെടുത്തുക.

- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- കുട്ടികളിൽ വായന പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവും ആക്കുക.
- കുട്ടികളിലെ കായിക ക്ഷമത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

## അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>• ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം.<br>• മികച്ച ലൈബ്രറി ലാബ് കമ്പ്യൂട്ടർ പഠന സൗകര്യം.<br>• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട് .<br>• സർഗാത്മക വേദികൾ ആശയപ്രകടന വേദികൾ ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>• പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.<br>• മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• IED കുട്ടികളുടെ പഠന പിന്തുണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട് |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. ഭാഷാശേഷി വികസനത്തിനായി നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുക.
3. വായനശാലകളെ മികച്ച രീതിയിൽ ഉപയോഗിക്കുന്നതിന് പ്രേരിപ്പിക്കുക.
4. മികച്ച വായനാശീലം വളർത്തുക.
5. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
6. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്ന കഴിവ് നേടുക.
7. സർഗാത്മക രചനയ്ക്കുള്ള അവസരം നൽകുക.
8. കഥ, തിരക്കഥ തുടങ്ങിയ സാഹിത്യ സൃഷ്ടികളിൽ ഏർപ്പെടാൻ പ്രേരിപ്പിക്കുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. സ്വതന്ത്ര വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക.
3. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക.
4. ഇംഗ്ലീഷ്ഭാഷപഠനത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ പിന്തുണ ഉറപ്പാക്കൽ
5. സ്കൂൾ സമയത്തിന് പുറമേ അധിക സമയം കണ്ടെത്തി അധ്യാപകരുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് ഭാഷ വികസനത്തിനആവശ്യമായ പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുക .
6. അക്ഷരമുറപ്പിക്കൽ ഉച്ചാരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള awake2025 എന്ന പ്രോഗ്രാം നടപ്പിലാക്കൽ.

7. ക്ലാസ് സ്ഥലമായ വായനാ മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## ഹിന്ദി

1. ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക.
2. സ്വതന്ത്ര വായനക്ക് കുട്ടികളെ സജ്ജരാക്കുക
3. ഹിനിപഠനത്തിനുള്ള പുതുതന്ത്രങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുക.
4. സാങ്കേതികവിദ്യാ സാധ്യതകൾ ഹിന്ദി ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
5. വീട് ഒരു പരീക്ഷണശാല. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിപ്പിക്കുക.

## അടിസ്ഥാന ശാസ്ത്രം

1. ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ.
3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക സാങ്കേതികവിദ്യയുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

4. ശാസ്ത്രരീതി സ്വായത്തമാക്കാനുള്ള അവസരങ്ങൾ ഒരുക്കുക.
5. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കാൻ ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
6. ആധുനിക സൗകര്യങ്ങളോടുകൂടിയ ലാബ് സജ്ജമാക്കുക.
7. ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക.
8. ആധുനികശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

## സാമൂഹ്യശാസ്ത്രം

1. ഭക്ഷ്യമേള പ്രചരണം നടത്തുക ഭക്ഷ്യമേളയുടെ പ്രത്യേകതകൾ പ്രതിപാദിക്കുക.
2. ജനാധിപത്യ വേദികൾ ഒരുക്കുക. സ്വതന്ത്രവും നീതിപൂർവമായ തിരഞ്ഞെടുപ്പ് രീതി മനസ്സിലാക്കുക
3. കരകൗശലം സംരക്ഷിക്കുക.പുതിയ വിദ്യാർത്ഥികൾക്ക് പഴയകാല ഉപകരണങ്ങൾ പരിചയപ്പെടു ത്തു ക.
4. കഴിഞ്ഞകാലങ്ങളിൽ ധന്യസംഭരണത്തിനും ഭക്ഷണം പാകം ചെയ്യുന്നതിനുമായി ഉപയോഗിച്ച സംഭരണികൾ പാത്രങ്ങൾ എന്നിവ ശേഖരിച്ച വിദ്യാലയത്തിൽ ഒരു ചെറിയ മ്യൂസിയം തയ്യാറാക്കുക.
5. സമൂഹത്തിൽ അവശത അനുഭവിക്കുന്ന വരെ സംരക്ഷിക്കുന്നതിനുള്ള മനോഭാവം വളർത്തുക.
6. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
7. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തൻ്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
3. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

4. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിത ചിന്ത യുക്തിചിന്ത വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
6. ഓരോ പ്രദേശത്തിന്റെയും തനത് ഗണിത രീതികളെ പരിചയപ്പെടുത്തുക

## ഐസിടി സാധ്യതകൾ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. നിർമ്മിത ബുദ്ധി റോബോട്ടിക്സ് എന്നിവയുടെ സാധ്യതകൾ പഠനപ്രക്രിയയിൽ പ്രയോജനപ്പെടുത്തുക.
3. സാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതോടൊപ്പം ചതിക്കുഴിയിൽ അകപ്പെടാതെ എന്ത് കരുതലുകൾ വേണം എന്ന തിരിച്ചറിവ് വികസിപ്പിക്കുക.
4. കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കമ്പ്യൂട്ടർ അടക്കമുള്ള വിവരസാങ്കേതികവിദ്യ സാധിതകൾ ഉപയോഗിക്കാനുള്ള അവസരങ്ങൾ ഒരുക്കുക.
5. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവിധ സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

1. വിവിധ തൊഴിൽ മേഖലകളെ കുറിച്ച് അവബോധം നേടുന്നതിനും അതിലൂടെ തങ്ങളുടെ ഇഷ്ട മേഖല ഏതൊക്കെയെന്ന് തിരിച്ചറിയുന്നതിനും പഠിതാക്കളെ പ്രാപ്തരാക്കുക.
2. തൊഴിൽ മനോഭാവം തൊഴിൽ ആഭിമുഖ്യം തൊഴിൽ ചെയ്യുന്നവരോടുള്ള ആദരവ് എന്നിവ കുട്ടികളിൽ വികസിപ്പിക്കുക.
3. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

4. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

## കലാ വിദ്യാഭ്യാസം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.
4. ആധുനികശാസ്ത്ര സാങ്കേതിക വിദ്യ കലാ പഠനത്തിൽ ഉപയോഗപ്പെടുത്തുക.

## ആരോഗ്യകായിക വിദ്യാഭ്യാസം

1. എല്ലാ കുട്ടികൾക്കും കായികക്ഷമത ഉറപ്പാക്കുക.
2. ആരോഗ്യ ശീലങ്ങൾ വളർത്തുക.
3. ആരോഗ്യ കായിക വിദ്യാഭ്യാസത്തിനു എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക
4. ക്യാമ്പസിനെ മാലിന്യ മുക്തമാക്കുക. ഹരിതാഭമാക്കുക.



# അക്കാദമിക മാസ്റ്റർ പ്ലാൻ

# L P

ST.JOSEPH'S UP SCHOOL KUNNOTH
KNOWLEDGE IS POWER
EDUCATION IS LIFE
ESTD.1946
തമസോമാ ജ്യോതിർഗമയ



# അക്കാദമിക് മാസ്റ്റർ പ്ലാൻ

## STD 1

# മലയാളം

## പൊതുലക്ഷ്യങ്ങൾ

🌻 ഒന്നാം ക്ലാസിലെ കുട്ടികളെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിച്ച് സ്വയം ആലേഖന പ്രക്രിയയ്ക്കുള്ള ശേഷി ഉണ്ടാക്കിയെടുക്കുക.

🌻 ഒന്നാം ക്ലാസിലെ എല്ലാ കുട്ടികൾക്കും ആശയ ഗ്രഹണ ശേഷി ഉറപ്പാക്കുക.

🌻 ഈണം, താളം എന്നിവ പരിഗണിച്ചു വായ്ത്താരികൾ കൂട്ടിച്ചേർത്ത്

കവിതകൾ ചൊല്ലുന്നു

🌻 സംയുക്ത ഡയറി എഴുതൽ എന്ന പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് അവരുടേതായ ആശയങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാൻ സാധിക്കുന്നു.

## ജൂൺ

🌻രണ്ടാഴ്ചത്തെ സന്നദ്ധത പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് പഠനത്തോടുള്ള താൽപര്യം ഉണ്ടാക്കുന്നു.

മീൻ നിർമാണം, കളികൾ, മരത്തിനു ഇലകൾ നൽകുന്നു.

🌻റ, ര, ത, പ, വ, ന, തുടങ്ങിയ അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്കുകൾ നിർമ്മിക്കുന്നു.

## ജൂലൈ

🌻 താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ

🌻 കഥ പറയൽ അഭിനയം

🌻 രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.

🌻 ICT സഹായത്തോടെ ചെറുകഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.

## ഓഗസ്റ്റ്

🌻 വീട്ടിൽ വളർത്തുന്ന ജീവികളെ തിരിച്ചറിയുന്നു.

ചിത്രങ്ങൾ, വീട്ടിൽ വളർത്തുന്ന ജീവികളെ നിരീക്ഷിക്കുന്നു.

🌻 നാടൻ കളികൾ പരിചയപ്പെടുന്നു. ക്ലാസിൽ കളിപ്പിക്കുന്നു.

## സെപ്റ്റംബർ

🌻 വിവിധ പലഹാരങ്ങൾ തിരിച്ചറിയുന്നു. ക്ലാസ്സിൽ പലഹാരമേള നടത്തുന്നു

## ഒക്ടോബർ

🌻വായനോത്സവം സംഘടിപ്പിക്കുന്നു.

🌻വായനക്കാർഡുകൾ കൾ നൽകുന്നു

🌻 ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

## നവംബർ

🌻 ചെറുകഥകൾ വായിക്കാൻ അവസരം നൽകുന്നു.

🌻വ്യത്യസ്ത തരത്തിലാണ് പലഹാരങ്ങൾ നിർമ്മിക്കുന്നത്. പലഹാരങ്ങൾ തരംതിരിക്കുന്നു.

## ഡിസംബർ

🌻 ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ സ്വയം എഴുതുന്നു.

## ജനുവരി

🌻 കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങൾ.

ചെറുകഥ, കവിത

🌻കുട്ടികവിതകൾ പാടുന്നതിനും വരികൾ കൂട്ടിച്ചേർക്കുന്നതിനുമുള്ള അവസരം

🌻 പലതരത്തിലുള്ള വീടുകൾ തിരിച്ചറിയുന്നു. ചിത്രങ്ങൾ ശേഖരിക്കുന്നു

## ഫെബ്രുവരി

🌻 ശ്രവണം, ഭാഷണം , ലേഖനം എന്നി മേഖലകളിൽ കുട്ടികളെ എത്തിക്കുക.

🌻പച്ചക്കറികൾ തിരിച്ചറിയുന്നു തരംതിരിക്കുന്നു.

## മാർച്ച്

🌻 സ്വതന്ത്രമായി ആശയങ്ങൾ ഉൾക്കൊണ്ട് സംയുക്തഡയറി എഴുതുന്നു.

🌻സംയുക്ത ഡയറിപ്രകാശനം ചെയ്യുന്നു.

# ഗണിതം

## പ്രവർത്തന ലക്ഷ്യങ്ങൾ

🌻 ഒന്നാം ക്ലാസിലെ കുട്ടികളെ 100 വരെയുള്ള സംഖ്യ എഴുതാനും വായിക്കാനും ഒരുക്കുക.

🌻ഒരക്ക സംഖ്യകളുടെ സങ്കലനം,വ്യവകലനം, എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

🌻സംഖ്യാബോധം വളർത്തുക.

🌻 ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

🌻 ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)

🌻 പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു.

## ജൂൺ

🌻1, 2, 3, 4, 5 വരെ സംഖ്യ കൾ തിരിച്ചറിയുന്നു.

🌻 1 മുതൽ 5 വരെയുള്ള സംഖ്യ കാർഡുകൾ തയാറാക്കുന്നു. **'sweet maths'**

🌻 വിവിധ shapes തിരിച്ചറിയുന്നു. ( വൃത്തം ത്രികോണം ചതുരം)

## ജൂലൈ

🌻 വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയാറാക്കുന്നു.

🌻 10 വരെ സംഖ്യ കാർഡ് തയാറാക്കുന്നു.

## ആഗസ്റ്റ്

🌻 ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.

🌻 കൂടുതൽ, കുറവ് തിരിച്ചറിയുന്നു.

🌻ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

🌻സംഖ്യ ഗാനങ്ങൾ ആസ്വദിക്കൽ

🌻 ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.

🌻 ഒരക്ക സംഖ്യ കൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.

🌻ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.

## ഒക്ടോബർ

🌻 ഒരക്ക സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ.

🌻വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ.

🌻ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ ഇരട്ടസംഖ്യ എന്നതിരിച്ചറിവ്.

## നവംബർ

🌻സംഖ്യ ഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു.

🌻 ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

🌻സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.

🌻 ഗണിത ആൽബം തയാറാക്കുന്നു.

## ജനുവരി

🌻 ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

🌻 ഒന്നുമുതൽ 10 വരെ സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

🌻 ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

🌻 ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ



## മാർച്ച്

🌻 ഗണിതശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റ് കൾ നൽകുന്നു.

🌻 ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടുന്നു.

🌻 സംഖ്യ കളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

🌻 ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കാൻകഴിയുന്നു.

# ENGLISH

**Aim: To speak, Read & Write English without any mistake.**

## JUNE

🌻Pretest ( English alphabets)

🌻The Methods that help to increase interest in learning English language. (Games, stories, cartoons )

## JULY

🌻introducing simple words ( bus, car, bicycle)

🌻Introducing colours

🌻Parts of Vehicles

## AUGUST

🌻Identified familiar words

🌻Say familiar words

🌻Provide picture cards

🌻Enjoy songs and sings them with rhythm and action using ICT

## SEPTEMBER - DECEMBER

🌻Read and write simple words and simple sentence. ( Reading TB)

🌻Provides picture cards and reading cards.

🌻Introduce symbol picture description.

🌻Make word chain

Bus

Blue bus

Big blue bus

🌻Encourage digital reading

🌻Write five English words daily.

## JANUARY - MARCH

🌻Read and understand simple instructions in the class room

🌻Collect picture of animal s and its young ones.

🌻Make picture albums

🌻Provide the opportunity to express myself in the class room

🌻Speak English fluently.

🌻Read and write simple sentence.

🌻Picture reading and picture description



# അക്കാദമിക് മാസ്റ്റർ പ്ലാൻ

## STD 2

## മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

✨ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

✨ ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

✨ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

✨ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

✨ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

✨ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

## മുന്നൊരുക്കം

✨ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

✨ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

🐥 രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

## ✨ജൂൺ✨

🐥 ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

🐥ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

.🐥 വായനാ സാമഗ്രികൾ നിർമിക്കൽ

🐥 വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ✨ ജൂലൈ✨

🐥 ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

## നവംബർ

🌾 കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

✨ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

✨ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

## ജനുവരി

✨ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)

✨ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

## ഫെബ്രുവരി

✨ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )

✨ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.



## മാർച്ച്

🍁 വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

🍁 ഇൻലൻ്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

🍁 ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

🍁 വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

🍁 ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

## ഗണിതം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## 🍁 പ്രവർത്തന ലക്ഷ്യങ്ങൾ

🌻 രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

🌻 സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

🌻 ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

🌻 ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)

🌻 ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

🌻 പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

## മുന്നൊരുക്കം

🌻ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

🌻 പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

## ജൂൺ

🌻1, 2, 3, 4 ......

1,3,5,7....

10,20,30,40,....

5,10,15,20....

2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

🌻 ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

## ജൂലൈ

🌻 ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

🌻 ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

🌻പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

## ആഗസ്റ്റ്

🌻 വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

🌻 സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

🌻 ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

## സെപ്റ്റംബർ

🌻 ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

🌻 വിലവിവരപട്ടിക തയ്യാറാക്കൽ

🌻 ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ

ഉറപ്പിക്കുന്നു.

## ഒക്ടോബർ

🌻 രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

🌻 സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

🌻സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

## നവംബർ

🌻സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

🌻 പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

🌻 "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

🌻 നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ

നോട്ട് നാണയം

## ഡിസംബർ

🌻സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

🌻സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)

🌻 രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.



## ജനുവരി

🌻 വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

🌻 സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

## ഫെബ്രുവരി

🌻 ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

🌻 ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

## മാർച്ച്

🌻 കലണ്ടർ പതിപ്പ് തയ്യാറാക്കൽ

🌻 കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

🌻 കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

🌻 കലണ്ടർ നോക്കി സംഖുകൾ താരതമ്യം ചെയ്യൽ.

🌻 ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കാൻകഴിയുന്നു.



# ENGLISH

## Aim . : To speak, Read, & write English without any mistakes

## JUNE

Pretest

To develop listening skills & reading skills first

### Listening skills

Games, Action songs Hello English activities,2 conversations, skit stories

Use ICT

### Speaking skills

Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

## JULY & AUGUST

### Reading skills

News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

### Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

## SEPTEMBER - OCTOBER

**Aim - To develop the creative speaking and writing**

## Reading skills

* Newspaper reading , library books reading
* Find words
* Collect and read past tense.
* Rhyming words
* Text book activities

## writing skills

* Make a word web.
* Picture description and describing words
* Word chain , sentence chain
* Make riddles ,conversation
* Add more lines

**Activities**

* Speech
* Riddles

## OCTOBER - NOVEMBER

Aim - To express thoughts and feelings

## Reading skills

*Newspaper reading,  library books( small stories)
*Conversation,skit ,stories using ICT

* Develop Story

* Read notice

## Writing skills

* Make word web

* Picture description

* Add more lines

Activities

* Self introduction

* Speech

## DECEMBER AND JANUARY

Aim- *Develop the creative speaking and writing

*To express thoughts and feeling

## Reading skills

* Reads diary
* Reads the greeting cards
* News paper
* Library books

## Writing skills

* Diary
* Letter
* Announcement

**Activities**

**Speech ,riddles , skits, conversation**

## FEBRUARY AND MARCH

**Aim- To improve presentation power**

## Reading skill

* Develop story
* Reads diary
* Newspaper

## Writing skills

*Diary

*  letter

* Announcement

* Notice

* * Thoughts

* Description

**Activities**

*Speech ,riddles ,skit, action songs, stories.



# Academic Master Plan

# Class III

# English

**Aim:** To speak, read, and write English without any mistakes.

**Time:** June to March

**Pretest:** To check the vocabulary and writing skills of pupils.

## JUNE AND JULY

- **Aim:** To develop listening and reading skills.
- **Listening skills:**
    - Games, Action songs, Hello English activities.
    - Conversations, skits, stories using ICT.
- **Speaking skills:**
    - Identify naming words from pictures.
    - Identify action words from the same pictures.
    - Make simple sentences using action words and naming words about the picture.
    - Make symbol descriptions about the picture.
    - Growing sentences, picture reading, self-introduction assembly are also conducted.
- **Activities:** Speech, book review, quiz, riddles, self-introduction, school radio, etc.

## AUGUST AND SEPTEMBER

- **Aim:** Develop creative speaking and writing.
- **Reading skills:**

    - Newspaper reading, library books reading, book review, reading breaking news.
    - Find words.
    - Collect and read past tense.
    - Rhyming words.
    - Describing words, etc.
    - Textbook activities.
- **Writing skills:**
    - Make word web.
    - Picture description with describing words.
    - Word chain, sentence chain.
    - Make words & sentences.
    - Make riddles, conversations.
    - Add more lines.
- **Activities:** Speech, book review, quiz, riddles, self-introduction, school radio, makes description, magazines, etc.

**OCTOBER AND NOVEMBER**

- **Aim:** To express thoughts, feelings, etc.
- **Reading skill:**
    - Newspaper reading, library books reading, book review, reading.
    - Conversations, skit, stories using ICT materials.
    - Reads breaking news.
    - Develop story.
    - Read notice.
- **Writing skills:**
    - Description.
    - Notice proclamation.
    - Thought.

- **Activities:** Speech, quiz, riddles, school radio, makes magazines, skits, etc.

**DECEMBER AND JANUARY**

- **Aim:**
  - Develop creative speaking and writing.
  - To express thoughts, feelings, etc.
- **Reading skill:**
  - Newspaper reading, library books reading, book review, reading.
  - Conversations, skit, stories using ICT materials.
  - Reads breaking news.
  - Develop story.
  - Reads diary.
  - Reads letters from friends.
- **Writing skills:**
  - Diary.
  - Letter.
  - Announcement.
- **Activities:** Speech, quiz, riddles, school radio, makes magazines, skits, classroom, post office, etc.

**FEBRUARY AND MARCH**

- **Aim:** To improve presentation power.
- **Reading skill:**
  - Newspaper reading, library books reading, book review, reading.
  - Conversations, skit, stories using ICT materials.
  - Reads breaking news.
  - Develop story.

    - Reads diary.
    - Reads letters from friends.
- **Writing skills:**
    - Diary.
    - Letter.
    - Announcement.
    - Description.
    - Notice proclamation.
    - Thought.
- **Activities:** Speech, quiz, riddles, school radio, makes magazines, skits, classroom post office, exhibition, etc.
- Query successful

## ഗണിതം

ലക്ഷ്യം 1: നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ കളികൾ എന്നിവയുടെ ഭാഗമായി ജാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു; തരംതിരിക്കുന്നു; നിർമ്മിക്കുന്നു. നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജാമിതിയുടെ ഭംഗി ആസ്വദിക്കുന്നു. രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു. നിത്യജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു. അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു; യുക്തി സമർപ്പിക്കുന്നു; പാറ്റേണുകൾ വരയ്ക്കുന്നു.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | ● പ്രവേശനോത്സവം<br>● വിവിധ ഗണിത രൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമ്മാണം. രൂപങ്ങൾ തിരിച്ചറിയൽ; പ്രത്യേകതകൾ മനസ്സിലാക്കൽ.<br>● ഗണിത രൂപങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആശംസാ കാർഡ് നിർമ്മാണം.<br>● തോണി നിർമ്മാണം;<br>● രൂപങ്ങൾ കണ്ടെത്തൽ;<br>● ഗണിതരൂപങ്ങൾ ഉപയോഗിച്ച വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ.<br>● ഗണിതരൂപ ചിത്ര പതിപ്പ് നിർമ്മാണം;<br>● ചിത്രപാറ്റേണുകൾ പരിചയപ്പെടൽ;<br>● ചിത്ര പാറ്റേൺ മാഗസിൻ തയ്യാറാക്കൽ.<br>● ജിയോ ബോർഡ് നിർമ്മാണം.<br>● വെജിറ്റബിൾ പ്രിന്റിങ് തയ്യാറാക്കൽ.<br>● തീപെട്ടി കമ്പ് ഉപയോഗിച്ചുകൊണ്ടുള്ള വിവിധ ഗണിത രൂപങ്ങളുടെ നിർമ്മാണം. | ജൂൺ |

ലക്ഷ്യം 2: മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീശേഷികൾ ഉറപ്പിക്കുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | കളം നിറയ്ക്കാം<br><br>1 to 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനകളത്തിൽ തിട്ടപ്പെടുത്തി സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കുക. | ജൂലായ് |
| 2 | നറുക്കെടുക്കാം<br><br>സഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br><br>കിട്ടിയ സംഖ്യ വായിക്കാം.<br><br>മറ്റുള്ളവർ സംഖ്യ എഴുതുന്നു. | ജൂൺ |
| 3 | 10 ചങ്ങാതിമാർ<br><br>സംഖ്യ നറുക്ക് എടുക്കുന്നു.<br><br>കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ |
| 4 | പാറ്റേൺ പൂർത്തിയാക്കാം<br><br>വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ. | ജൂൺ - സെപ്റ്റംബർ |
| 5 | ക്രമത്തിലാക്കാം | ജൂൺ - ഓഗസ്റ്റ് |

| | | |
|---|---|---|
| | വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br><br>ആരോഹണ ക്രമം, അവരോഹണ ക്രമം. | |

ലക്ഷ്യം 3 : മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ. അവസരം ഒരുക്കൽ.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | ● കൂട്ടങ്ങളാക്കാം.<br>● ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>● കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000, 2000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. | ജൂൺ |
| 2 | ● സംഖ്യാ സൂര്യൻ<br>● ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>● ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച്ച |
| 3 | ● ക്രമീകരിക്കാം<br>● -അബാക്കസ് നിർമ്മാണം.<br>● -സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം. | ജൂൺ - സെപ്റ്റംബർ |

| | | |
|---|---|---|
| | • അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. | |

ലക്ഷ്യം 4: മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | • സംഖ്യ ചക്രം<br>• സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>• അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. | **ജൂലൈ - മാർച്ച്** |
| 2 | • ഭാഗ്യവാനെ കണ്ടെത്താം<br>• അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>• വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• ക്രിയ ചെയ്യാം.<br>• ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം.<br>• ജോഡികണ്ടെത്താം. | **ജൂലൈ ഫെബ്രുവരി** |
| 3 | • വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു. | **ഓഗസ്റ്റ് - ഫെബ്രുവരി** |

| | | |
|---|---|---|
| | ● കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. | |

# **മലയാളം**

**ലക്ഷ്യം**

നാടൻപാട്ട് ചൊല്ലിയും സ്വയം താളം പിടിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

വായ്ത്താരി നിർമ്മാണത്തിൽ സ്വയം പ്രാവീണ്യം നേടുക.

- വായ്ത്താരി നിർമ്മാണത്തിൽ സ്വയം പ്രാവീണ്യം നേടുക.
- പഴഞ്ചൊല്ലുകളും നാട്ടു മൊഴിവഴക്കങ്ങളും സ്വന്തം ഭാഷാപ്രയോഗളിൽ ഉൾപ്പെടുത്താൻ എല്ലാ കുട്ടികളെയും പ്രാ പ്തരാക്കുക.
- സാഹിത്യ രചനകൾ വായിച്ചു കേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **വായ്ത്താരി ചന്തം**<br>● വ്യത്യസ്ത ഈണങ്ങളിലുള്ള വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു. അവതരിപ്പിക്കുന്നു.<br>**വായ്ത്താരി മേളം.** | ജൂൺ |

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| | ● ശേഖരിച്ച വായ്ത്താരികൾ പ്രഭാത സർഗ്ഗ വേള, ബാലസഭ എന്നിവയിൽ അവതരണം.<br>● വ്യത്യസ്ത ഈണങ്ങളിൽ പാടാനുള്ള അവസരം.<br>● വായ്ത്താരികൾ, നാടൻ പാട്ടുകൾ അടങ്ങിയ പതിപ്പ് തയ്യാറാക്കൽ.<br>● നാടൻ പാട്ട് ശില്പശാല,<br>● പാവനാടകം പരിചയപ്പെടുത്തൽ, പാവനാടക അവതരണം. | |
| 2 | **പഴഞ്ചൊൽ പൊലിമ**<br>● പഴഞ്ചൊല്ലുകളുടെ ശേഖരണം.<br>● പഴഞ്ചൊല്ലുകളിൽ അടങ്ങിയ ആശയ ആവിഷ്കാരം.<br>**ഒരു ദിനം ഒരു പഴഞ്ചൊല്ല്.**<br>● കുട്ടികൾക്ക് ഒരു ദിനം ഒരു പഴഞ്ചൊല്ല് നൽകുന്നു.<br>● പഴഞ്ചൊല്ലിലെ ആശയങ്ങൾ എഴുതിപ്പിക്കുന്നു.<br>● പഴഞ്ചൊല്ല് പൊലിമ എന്ന പതിപ്പ് നിർമ്മാണം. | ജൂൺ -<br>ജൂലൈ |



.

| | | |
|---|---|---|
| | | |
| 3 | **റീഡേഴ്സ് തിയേറ്റർ**<br>● കുട്ടികൾക്ക് പരിചിതമായ കഥ നൽകുന്നു.<br>● വായന അവസരം.<br>● കഥാപാത്ര വിശകലനം.<br>● കഥാപാത്രങ്ങളെ കണ്ടെത്തൽ.<br>● ആരാണ് നരേറ്റർ.<br>● നരേറ്റർ സംവദിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ.<br>● സ്ക്രിപ്റ്റ് രചന.<br>● സ്ക്രിപ്റ്റ് വായന, അവതരണം. | ജൂലൈ |
| 4 | **കടങ്കഥ**<br>● കടങ്കഥ മുന്നറിവ് പരിശോധന.<br>● വിവിധ മേഖലകളുമായി ബന്ധപ്പെട്ട കടങ്കഥകളുടെ ശേഖരണം.<br>● കടങ്കഥ നിർമാണം. | ജൂലൈ - ആഗസ്റ്റ് |

| | | |
|---|---|---|
| | | |
| | ● കടങ്കഥ പതിപ്പ് തയ്യാറാക്കൽ.<br>● കടങ്കഥ ശില്പശാല.<br>● വ്യത്യസ്ത കലാരൂപങ്ങളുടെ പ്രദർശനം.<br>● ഡോക്യുമെൻററി പ്രദർശനം.<br>● കലാരൂപങ്ങളുടെ വേഷവിധാനം, ചിത്രശേഖരണം, ആൽബം തയ്യാറാക്കൽ. | |
| 5 | **കഥോത്സവം**<br>● നാട്ടുകഥകൾ ശേഖരണം.<br>● നാട്ടുകഥകൾ അവതരണം.<br>● കഥാപാത്ര ചിത്രീകരണം.<br>● സ്വന്തം ആശയത്തിൽ കഥാവതരണം.<br>● കഥാപൂരണം.<br>● കേട്ട കഥകൾ പാവനാടകമാക്കി അവതരിപ്പിക്കൽ.<br>● നാട്ടുകഥകൾ പറയുന്ന മുതിർന്നവരെ കണ്ടെത്തുന്നു.<br>● ക്ഷണിതാവ് കഥ അവതരിപ്പിക്കുന്നു.<br>● ഓരോ കഥയുടെയും അവതരണത്തിനു ശേഷം ഉള്ളടക്ക ചർച്ച. | ആഗസ്റ്റ് |



| | | |
|---|---|---|
| | | |
| 6 | **നിഘണ്ടു പരിചയം**<br>● മലയാള അക്ഷരങ്ങൾ അകാരിദ ക്രമത്തിൽ എഴുതുന്നു.<br>● നിർദ്ധിഷ്ട വാക്കുകളുചട അർത്ഥം കണ്ടെത്തുന്നു. | ജൂലൈ - മാർച്ച് |

**ലക്ഷ്യം:**

ആശയ വ്യക്തതയോടെ കുട്ടികളെ വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | ● കുട്ടി കേട്ട ഒരു കഥ പറയൽ.<br>● അവധിക്കാലം അനുഭവങ്ങൾ പറയൽ.<br>● ഞാനും മൂന്നാം ക്ലാസിലേക്ക് (രക്ഷിതാക്കൾക്ക് മൂന്നാം ക്ലാസിൽ കുട്ടി നേടേണ്ട ഭാഷാശേഷികളെ കുറിച്ച് കുട്ടികൾക്ക് നൽകേണ്ട പിന്തുണയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്). | ജൂൺ |

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 2 | ● രക്ഷിതാക്കളുടെ സഹായത്താൽ അക്ഷരക്കാർഡുകൾ നിർമ്മിച്ച് നൽകുന്നു.<br>● വളരുന്ന അക്ഷരം (ഒരു കുട്ടിക്ക് ഒരു കൊമ്പ്).<br>● ഓരോ കുട്ടിയും പഠിച്ച അക്ഷരങ്ങൾ ഇലയുടെ ആകൃതിയിൽ മരത്തിൽ ഒട്ടിക്കുന്നു.<br>● നിശ്ചിത പദങ്ങൾ ടെസ്റ്റിൽ നിന്നും കണ്ടെത്തൽ.<br>● വീട്ടിലും ഒരു അക്ഷരമരം (രക്ഷിതാവ്).<br>● വീഡിയോ പ്രദർശനം (വാട്സ്ആപ്പ്). | ജൂലൈ |
| 3 | ● രക്ഷിതാക്കൾ, കുട്ടികൾ എന്നിവർക്കുവേണ്ടി അക്ഷര ചിത്രങ്ങൾ തയ്യാറാക്കുന്ന ശില്പശാല നടത്തുന്നു.<br>● തയ്യാറാക്കിയവയുടെ പ്രദർശനം.<br>● അക്ഷരപൂരണം (ചിത്രങ്ങൾ നൽകി).<br>● അക്ഷരകാർഡുകൾ നൽകി വാക്കു നിർമ്മാണം. | ആഗസ്റ്റ് |
| 4 | ● വളരുന്ന അക്ഷര ലൈബ്രറി ഓരോ ആഴ്ചയിലും അഞ്ചുദിവസത്തേക്ക് 5 | സെപ്റ്റംബർ |

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| | അക്ഷരങ്ങൾ നൽകുന്നു.<br>● അക്ഷരങ്ങളായി ബന്ധപ്പെട്ട വാക്കുകൾ പത്രങ്ങൾ, മാസികകൾ എന്നിവയിൽ നിന്നും കണ്ടെത്തി വളരുന്ന അക്ഷര ലൈബ്രറിയിലേക്ക് ഒട്ടിക്കുന്നു. വായിക്കുന്നു.<br>● ഓണപ്പതിപ്പ് (ചിത്രങ്ങൾ, പദങ്ങൾ, പാട്ടുകൾ).<br>● ഫീൽഡ് ട്രിപ്പ് - കൃഷിയിടത്തിലേക്ക് (പച്ചക്കറികൾ തിരിച്ചറിയുന്നു, പേരുകൾ എഴുതുന്നു). | |
| 5 | ● ചിത്രം നൽകി വായന കാർഡ് നിർമ്മാണം.<br>● രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ വായിക്കൽ.<br>● പദചങ്ങല - പദങ്ങൾ ചേർത്ത് വാക്യമാക്കൽ.<br>● ആഭരണം അണിയാം (ചിഹ്നങ്ങൾ ചേർക്കുന്ന പ്രവർത്തനം).<br>● ചിഹ്നങ്ങളും പദങ്ങളും നൽകി കാർഡ് നൽകി പദനിർമ്മാണം.<br>● തെറ്റ് തിരുത്തൽ. | ഒക്ടോബർ |

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 6 | ● ചിത്ര വായന.<br>● ചിത്രം നോക്കി കഥ പറയാം.<br>● ഗ്രൂപ്പിൽ പറയുന്ന പദം മറ്റു ഗ്രൂപ്പുകാർ പുസ്തകം, വായന കാർഡ് നോക്കി പറയൽ.<br>● കഥാപാത്രങ്ങളെ കണ്ടെത്തൽ (കഥയിൽ ആരൊക്കെ), സംഭാഷണം. | നവംബർ |
| 7 | ● കൂട്ട വായന കുട്ടികൾ പരസ്പരം സഹായിച്ചു വായിക്കുന്നു.<br>● വായന ചങ്ങല - വായന കാർഡ് നൽകൽ.<br>● ചിത്രം നൽകി വിവരണം എഴുതൽ. | ഡിസംബ ർ |
| 8 | ● • ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതൽ.<br>● രക്ഷിതാക്കൾക്ക് കവിത രചന മത്സരം.<br>● തെരഞ്ഞെടുത്തവ ക്ലാസിൽ വായനക്കാർഡ് ആക്കൽ. | ജനുവരി |
| 9 | ● • വായന കാർഡിൽ വരികൾ കൂട്ടി ചേർക്കൽ.<br>● രക്ഷിതാക്കളും കുട്ടികളും ആലപിച്ച് അവതരണം. | ഫെബ്രുവരി |

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| | • കുഞ്ഞുവായന ഗുണപാഠ കഥകളുടെ ചിത്രങ്ങൾ പുസ്തകങ്ങൾ ആക്കി നൽകുന്നു. ചിത്രങ്ങൾക്ക് താഴെ കഥ എഴുതി പൂർത്തിയാക്കൽ.<br>• കയ്യെഴുത്ത് മാസിക. | |
| 10 | • ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് സ്വന്തം ഭാഷയിൽ കഥ പറയുക.<br>• കഥ പൂർത്തിയാക്കൽ.<br>• ചിത്രം നോക്കി കഥ പറയലും കഥ എഴുതലും. വായന കളരി - രക്ഷിതാക്കളും കുട്ടികളും ചേർന്ന് വായനക്കാർഡ് നിർമ്മാണം.<br>• കഥാരചന അവതരണം. | മാർച്ച് |

# പരിസര പഠനം

**ലക്ഷ്യം 1** :- ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും

നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക.

| | പ്രവർത്തനം | കാലയളവ് |
|---|---|---|
